(ബി) അതിന്റെ അടിസ്ഥാനത്തിൽ ബലക്ഷയപരിശോധനയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ കണ്ടെത്തലുകൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നകാര്യം ഇപ്പോൾ ഏതുഘട്ടത്തിലാണ് ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ CSMRS നോടും CWPRS മുല്ലപ്പെരിയാർ ഡാമിന്റെ മുൻവശത്തിന്റെ മാപ്പിംഗ് നടത്തുവാനും ഡാമിൽ നിന്നുള്ള കോർസാമ്പിൾ എടുത്ത് അതിന്റെ ഉറപ്പ് പരിശോധിക്കുവാനും വേണ്ടിയുള്ള പ്രാഥമിക പരിശോധനകൾ നടത്താനുമുള്ള നിർദ്ദേശങ്ങൾ ബഹു. ഉന്നതാധികാര സമിതി നൽകിയിട്ടുണ്ട്.

(ബി) ബഹു. ഉന്നതാധികാര സമിതിയുടെ നിർദ്ദേശാനുസരണം സെൻട്രൽ സോയിൽ മെറ്റീരിയൽസ് ആന്റ് റിസർച്ച് സ്റ്റേഷൻ (CSMRS) ഡൽഹിയുടെയും സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ (CWPRS) പൂനെയുടെയും ഉദ്യോഗസ്ഥർ 5-1-2011 മുതൽ 7-1-2011 വരെ മുല്ലപ്പെരിയാർ ഡാം സന്ദർശിച്ചു. പ്രസ്തുത സംഘം മുല്ലപ്പെരിയാർ മെയിൻ ഡാം, ബേബി ഡാം, സ്പിൽവേഗ്യാലറി എന്നിവയുടെ പ്രാഥമിക പരിശോധന നടത്തി. കൂടാതെ അവർ മുങ്ങൽ വിദഗ്ദരുടെ സഹായത്തോടെ ജലത്തിനടിയിലുള്ള ഡാമിന്റെ മുൻഭാഗത്തെ കുറിച്ച് (upstream) ROV (റിപ്പോർട്ട് ഓപ്പറേറ്റഡ് വെഹിക്കിൾ) ഇറക്കി പഠിക്കാനുള്ള സാധ്യത പരിശോധിച്ചു. ഇതിനുപുറമേ സംഘം കോർ സാമ്പിൾ എടുക്കുന്നതിനായി ഡാമിൽ അതിന്റെ ഇടതുകരയിൽ നിന്നും മൂന്ന് സ്ഥാനങ്ങൾ അടയാളപ്പെടുത്തി. മധുരയ്ക്കടുത്തു ഒരു ലൈം ക്വാറിയും സന്ദർശിച്ചു.

(സി) പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിച്ചു. കരട് ഡീറ്റെയിൽസ്, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ജിയോളജിക്കൽ മാപ്പിംഗിനുവേണ്ടി 10 അധിക ബോർഹോളുകൾ എടുക്കുകയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ജിയോളജിക്കൽ മാപ്പിംഗും പൂർത്തിയാക്കി. ജിയോളജിക്കൽ മാപ്പിംഗിന്റെ അന്തിമ റിപ്പോർട്ട് ലഭിക്കാനുണ്ട്.

പറശ്ശിനിക്കടവിലെ നീർപാലം നിർമ്മിച്ച കരാറുകാരന്റെ അവകാശിക്ക് അർഹമായ തുക നൽകാൻ നടപടി

96 (1824) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ Ch42281m to 42548m-ൽ പറശ്ശിനിക്കടവിലെ നീർപാലം നിർമ്മിച്ചതിന്റെ ബില്ല് പ്രകാരമുള്ള തുക കരാറുകാരന് നൽകാത്തതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തി ചെയ്തിട്ടും ഫൈനൽ ബിൽപ്രകാരമുള്ള തുകയും സെക്യൂരിറ്റി, റിറ്റൻഷൻ ഫീ മുതലായവയും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കരാറുകാരന് നൽകേണ്ട തുക എത്രയാണ് ;

(ഡി) നീർപാല നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ കേസ് നിലവിലുണ്ടോ ; വിശദവിവരം അറിയിക്കുമോ ;

(ഇ) വിജിലൻസ് അന്വേഷണവും മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടുണ്ടോ ;

(എഫ്) കരാറുകാരന്റെ അവകാശിയായ വിധവയ്ക്ക് അർഹമായ തുക നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരാറുകാരനായിരുന്ന കെ. ഒ. മാത്യുവിന്റെ വിധവ ശ്രീമതി മേരി മാത്യു കേരള മുഖ്യമന്ത്രിക്ക് സമർപ്പിച്ച് പരാതിയുടെ പകർപ്പ് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുണ്ട്. ബന്ധപ്പെട്ട രേഖകളെല്ലാം വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ കൈവശമാണുള്ളത്. എന്നിരുന്നാലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി.നമ്പർ 242/03 ഉത്തരവ് പ്രകാരം റിറ്റെൻഷൻ തുകയായ 7,00,000 (ഏഴ് ലക്ഷം രൂപ) കരാറുകാരന് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കരാറുകാരന് അധികം നൽകിയ തുക തിരിച്ചുപിടിക്കേണ്ടതായിട്ടാണുള്ളത്. ഇത് സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകൾ, പ്രവൃത്തി സംബന്ധിച്ച രേഖകൾ എന്നിവ വിജിലൻസ് ഡിപ്പാർട്ടുമെന്റിൽനിന്ന് തിരിച്ചുകൈപ്പറ്റിയശേഷമേ വ്യക്തമാക്കാൻ കഴിയുകയുള്ളു.

(ഡി) ഇപ്പോൾ കോടതിയിൽ കേസ് നിലവിലില്ല.

(ഇ) ഇല്ല

(എഫ്) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കരാറുകാരന്റെ അവകാശിക്ക് യാതൊരു തുകയും നൽകാനില്ല. പ്രവൃത്തി സംബന്ധിച്ച് കരാറുകാരന് അധികമായി നൽകിയിട്ടുള്ള തുക കരാറുകാരനിൽനിന്നും തിരിച്ചു പിടിക്കാനാണുള്ളത്. ഇത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ തയ്യാറാക്കി വരുന്നുണ്ട്.

ജലനിധി പദ്ധതി

97 (1825) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി പദ്ധതിയുടെ പുതിയ ഘട്ടത്തിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly